4198
26/2/18

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- 'ട്രാൻസ്ജെന്റർ സെൽ' രൂപീകരിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ.(സാധാ)നം.86/2018/സാനീവ തീയതി, തിരുവനന്തപുരം20.02.2018

---

പരാമർശം: (1) 08.11.2015 ലെ സ.ഉ(എം.എസ്)നം.61/2015/സാനീവ
(2) സാമൂഹ്യനീതി ഡയറക്ടറുടെ 12.12.2017 ലെ എഫ്4/38781/2017 നമ്പർ കത്ത്.
(3) 03.01.2018 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്

## ഉത്തരവ്

സമൂഹത്തിൽ ഏറ്റവുമധികം അവഗണന അനുഭവിക്കുന്ന ട്രാൻസ്ജെന്റേഴ്സ് വിഭാഗത്തിന് അർഹിക്കുന്ന പ്രാധാന്യം നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിനായി ഇന്ത്യയിൽ ആദ്യമായി ഭിന്നലിംഗക്കാർക്കായിട്ടുള്ള പോളിസി നടപ്പിലാക്കി വരുന്ന സാഹചര്യത്തിൽ, ടി ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ട്രാൻസ്ജെന്റർ സെൽ രൂപീകരിക്കാവുന്നതാണെന്നും സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ അറിയിച്ചിരിക്കുന്നു. ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നതിനും സമയബന്ധിതമായി നടപ്പാക്കുന്നതിന് ട്രാൻസ്ജെന്റേഴ്സ് ജസ്റ്റീസ് ബോർഡിനെ സഹായിക്കുകയെന്നതാണ് ട്രാൻസ്ജെന്റർ സെല്ലിന്റെ പ്രവർത്തന ലക്ഷ്യം. ടി സെല്ലിലെ ജീവനക്കാർ പൂർണ്ണമായും പദവിയ്ക്ക് അനുസൃതമായി വിദ്യാഭ്യാസ യോഗ്യത നേടിയ ട്രാൻസ്ജെന്റർ ആയിരിക്കും. ഒരു പ്രോജക്ട് ഓഫീസർ, രണ്ട് പ്രോജക്ട് അസിസ്റ്റന്റ്, ഒരു ഓഫീസ് അറ്റൻഡന്റ് എന്നിവ ഉൾപ്പെടുന്ന യൂണിറ്റായിരിക്കും ട്രാൻസ്ജെന്റർ സെൽ. ടി സെല്ലിന്റെ കാലാവധി ഒരു വർഷമായിരിക്കും. സെല്ലിന്റെ പ്രവർത്തനത്തിനായുള്ള തസ്തികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തസ്തിക | പ്രായപരിധി | വിദ്യാഭ്യാസ യോഗ്യത | ശമ്പളം |
|---|---|---|---|
| പ്രോജക്ട് ഓഫീസർ | 25-45 നു മദ്ധ്യേ | ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവും (ബിരുദാനന്തര ബിരുദം അഭിലഷണീയം) | 30675x12=3,68,100/- |

| | | | |
|---|---|---|---|
| പ്രോജക്ട് അസിസ്റ്റന്റ് | 20-40 നം മദ്ധ്യേ | എതെങ്കിലും വിഷയത്തിൽ ബിരുദം | 19950x12x2=4,78,800/- |
| ഓഫീസ് അറ്റന്റഡന്റ് | 20-40 നം മദ്ധ്യേ | പത്താം ക്ലാസ്സ് പാസ്സ് | 17325x12=2,07,900/- |

ധനകാര്യ വിശദാംശം

| ക്രമ നം | ചെലവിനം | തുക |
|---|---|---|
| 1 | ട്രാൻസ്ജെന്റർമാരായ ജീവനക്കാർക്ക് കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നൽകുന്ന വേതനം | 10,54,800/- |
| 2 | ഓഫീസ് സജ്ജീകരണം ഒരുക്കുന്നതിന് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഫർണ്ണിച്ചറും ഉൾപ്പെടെ | 6,00,000/- |
| 3 | ടെലഫോൺ (1500*12) | 18000/- |
| 4 | നെറ്റ് കണക്ഷൻ 2000*12 | 24000/- |
| 5 | സ്റ്റേഷനറി സാധനങ്ങൾ | 50,000/- |
| 6 | അനുബന്ധ ചെലവുകൾ | 25000/- |
| ആകെ തുക | | 17,71,800/- |

ട്രാൻസ്ജെന്റർ സെല്ലിന്റെ രൂപീകരണത്തിനും അനുബന്ധ പ്രവർത്തനത്തിനുമായി 17,71,800/-രൂപ ആവശ്യമായിട്ടുണ്ടെന്നും, ഇതിലേയ്ക്കാവശ്യമായ തുക നടപ്പു സാമ്പത്തിക വർഷം 2235-60-200-64 (പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വഹിയ്ക്കാവുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശത്തിലെ കുറിപ്പ് പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2) 03.01.2018 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ട്രാൻസ്ജെന്റർ സെല്ലിന്റെ രൂപീകരണത്തിനും അനുബന്ധ പ്രവർത്തനത്തിനുമായി സാമൂഹ്യനീതി ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന് ഭരണാനുമതി നൽകിയും ഇതിലേയ്ക്കാവശ്യമായ 17,71,800/- രൂപ രൂപ (പതിനേഴ് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി എണ്ണൂറ്) നടപ്പു സാമ്പത്തിക

വർഷം 2235-60-200-64 (പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വഹിയ്ക്കുന്നതിനുള്ള അനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.ഓഫീസ് സജ്ജീകരണത്തിനായി സാധനങ്ങൾ വാങ്ങുമ്പോൾ സ്റ്റോർ പർച്ചേസ് റൂൾ കൃത്യമായും പാലിക്കേണ്ടതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**ലീലാമണി.കെ.എം**
**അഡീഷണൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ